ഇ.എം.എസ്. ഭവന പദ്ധതി

141(349) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഒല്ലൂർ നിയോജകമണ്ഡലത്തിൽ എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് പഞ്ചായത്ത്/കോർപ്പറേഷൻ തിരിച്ച് വ്യക്തമാക്കാമോ :

(ബി) പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, എത്ര ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും പഞ്ചായത്ത്/കോർപ്പറേഷൻ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഭവന രഹിത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു:

പഞ്ചായത്തിന്റെ പേര്	ഭവനരഹിത ഗുണഭോക്താക്കളുടെ എണ്ണം
പാണഞ്ചേരി	1154
മാടക്കത്തറ	501
പുത്തൂർ	440
നടത്തറ	394
ആകെ	2489

ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടെ തൃശ്ശൂർ നഗരസഭയിൽ നാളിതുവരെ പദ്ധതി പ്രകാരം 9802 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി)

പഞ്ചായത്തിന്റെ പേര്	എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം	പൂർത്തീകരിച്ച വീടുകളുടെ ഗുണ	ഒന്നാംഗഡു നൽകിയ ഭോക്താക്ക എണ്ണം
പാണഞ്ചേരി	161	47	114
മാടക്കത്തറ	279	203	76
പുത്തൂർ	163	0	163
നടത്തറ	43	14	29
ആകെ	646	264	382

LIBRARY ARCHIVES Kerala Legislative Assembly

നാളിതുവരെ തൃശ്ശൂർ നഗരസഭയിൽ 35 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 2010 ഡിസംബർ 31 വരെ 3441 വീടുകൾ സംബന്ധിച്ച് തൃശ്ശൂർ നഗരസഭയിൽ എഗ്രിമെൻറ് വച്ചിട്ടുണ്ട്.

ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതിയുടെ വായ്പാ തിരിച്ചടവ്

142(350) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതിയുടെ വായ്പാ തിരിച്ചടവ് സംബന്ധിച്ച് 2010-ൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ വായ്പാ വിവരം നൽകുന്നതിന് അനുവദിച്ചിരുന്ന തീയതി എന്നായിരുന്നു ;

(ഡി) എത്രപഞ്ചായത്തുകളിൽ നിന്നാണ് നിശ്ചയിച്ചിരുന്ന സമയത്തിനുള്ളിൽ വായ്പാവിവരം മാർഗ്ഗനിർദ്ദേശ പ്രകാരം സമർപ്പിച്ചത് : വായ്പാവിവരം സമർപ്പിക്കാതിരുന്ന പഞ്ചായത്തുകളുടെ കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) 2010-സെപ്റ്റംബർ 30 വരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്ക് പലിശ അനുവദിക്കുന്നതിനുള്ള ക്ലെയിമുകൾ ജൂലൈ, ഒക്ടോബർ, ജനുവരി, ഏപ്രിൽ മാസങ്ങളിൽ 5-ാം തീയതിയ്ക്ക് മുമ്പായി തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയ്ക്കും കൺട്രോളിംഗ് ഓഫീസർമാർക്കും സമർപ്പിക്കേണ്ടതാണ്.

(ഡി) 2011 ജനുവരി 10- വരെ 676 ഗ്രാമപഞ്ചായത്തുകൾ, 12 ബ്ലോക്ക് പഞ്ചായത്ത്, 2 ജില്ലാപഞ്ചായത്ത്, 24 നഗരസഭകൾ എന്നിവ വായ്പാ വിവരം സമർപ്പിച്ചിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ആയവ ലഭ്യമാകുന്ന മുറയ്ക്ക് വായ്പയുടെ പലിശ സർക്കാർ ലഭ്യമാക്കുന്നതാണ്.

ഇ.എം.എസ്. ഭവനപദ്ധതി

143(351) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ എത്ര വീടുകൾ പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(ബി) ഇനി എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly